(4) സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകളില്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ 29-5-2013-ലെ സ. ഉ. (എംഎസ്.) നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ. ഉ. (എംഎസ്.) 392/12/റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഇവയിൽ 29 വില്ലേജുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള 2 വില്ലേജുകൾക്ക് കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(5) സ്മാർട്ട് വില്ലേജ് പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി 25 വില്ലേജുകൾ നവീകരിച്ചുകഴിഞ്ഞു. 3-ാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 9 വില്ലേജുകളുടെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. മൂന്ന് ഘട്ടങ്ങളിലായി 11.09 കോടി രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

(6) പുഴ മുതൽ പുഴ വരെ പദ്ധതിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നതിനുള്ള സംസ്ഥാന ഉന്നതതല സമിതിയുടെ 29-11-2013-ലെ യോഗം സംസ്ഥാനത്തെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ " പദ്ധതിക്ക് രൂപം നൽകി. പ്രാഥമികമായി ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളുടെ തീരം ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിനായി 15-11-2014-ലെ സ. ഉ. (എംഎസ്.) 475/14/റവന്യൂ പ്രകാരം 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

മോഡേൺ സർവ്വേ റെക്കോർഡ് റൂം

101(2725) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡേൺ സർവ്വേ റെക്കോർഡ് റൂം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇ-രേഖ പദ്ധതി മുഖാന്തരം വിവിധ പ്രക്രിയകളിലൂടെ സംരക്ഷണം നടത്തിയിട്ടുള്ള റെക്കോർഡുകളെ നവീന രീതിയിലുള്ള മൂവബിൾ കോംപാക്ടറുകളിലേയ്ക്ക് മാറ്റി അവയെ ഒരു മാപ്പ് ലൈബ്രറിയിലൂടെ ശാസ്ത്രീയമായി cataloging ഏർപ്പെടുത്തി retrival എളുപ്പം സാധ്യമാക്കുന്നതാണ് ടി പദ്ധതി. സർവ്വേ ഭവന്റെ മൂന്നാമത്തെ നിലയിൽ ടി പദ്ധതിക്കായി കോംപാക്ടറുകൾ സ്ഥാപിച്ച് ഇ-രേഖ പദ്ധതിയിലൂടെ സംരക്ഷണം നടത്തിയ റെക്കോർഡുകൾ ടി കോംപാക്ടറുകളിൽ സൂക്ഷിച്ചുവരുന്ന ജോലി പുരോഗതിയിലുമാണ്. കൂടാതെ ജില്ലാ കളക്ടറേറ്റുകൾ കേന്ദ്രീകരിച്ച് സൂക്ഷിച്ചിട്ടുള്ള ലാന്റ് റെക്കോർഡുകൾ സംരക്ഷിക്കപ്പെടേണ്ടത് മുൻനിർത്തി എല്ലാ ജില്ലാ സർവ്വെ സൂപ്രണ്ട് ഓഫീസുകളും സർവ്വേ ഭവനും കേന്ദ്രീകരിച്ച് മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ നിർമ്മിക്കുന്ന പദ്ധതി മിഷൻ നടപ്പാക്കിവരുന്നു. ഇതിൽ സ്ഥലലഭ്യതയുള്ള 13 ജില്ലകളിൽ കോംപാക്ടറുകൾ സ്ഥാപിച്ച് സിവിൽ ജോലി പുരോഗതിയിലുമാണ്.

എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും റവന്യൂ ഡിവിഷൻ ഓഫീസുകളിലും റെക്കോർഡ് സംരക്ഷണത്തിനായി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തരം മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്ന ജോലി പുരോഗതിയിലുമാണ്.

(സി) ജില്ലാതലങ്ങളിലെ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ ഓരോ ജില്ലയിൽ ഒന്ന് വീതം സർവ്വേ ഭവനിൽ സ്ഥാപിക്കുന്നതിനുള്ള അനുമതി 2012-13-ലെ ഡിപ്പാർട്ടുമെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനായി G. O. (Rt.) No. 6071/2013/RD 13-11-2013-ലെ ഉത്തരവ് പ്രകാരം 4,85,31,900 രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് ടി പദ്ധതി നടപ്പാക്കിവരികയും ചെയ്യുന്നു.

2012-13 വർഷത്തിൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം സർവ്വേ ഭവൻ കേന്ദ്രീകരിച്ച് ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റെക്കോർഡ് സൂക്ഷിക്കുന്നതിന് റെക്കോർഡ് റൂം സ്ഥാപിക്കുകയും ആയതിലേയ്ക്കായി 27-10-2014-ലെ G. O. (Rt.) No. 5182/2014/RD ഉത്തരവ് പ്രകാരം ഒരു കോടി രൂപ അനുവദിക്കുകയും ടി ഇനത്തിൽ ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ താലൂക്ക് ഓഫീസിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്നതിനായി 19-3-2015-ലെ G. O. (Rt.) 1379/2015/RD. നമ്പർ ഉത്തരവ് പ്രകാരം 2,41,70,360 രൂപ അനുവദിക്കുകയും ടി ഇനത്തിൽ ഉപയോഗിച്ച് റെക്കോർഡ് റൂമിന്റെ ജോലി നടന്നു വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly